# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഇടവ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം./ജി.പി.7/666/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 30/03/2021
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇടവ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഇടവ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇടവ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-

പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം./ജി.പി.7/666/2021

തീയ്യതി: 30/03/2021

## തിരുവനന്തപുരം ജില്ലയിലെ ഇടവ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ഇടവ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 30 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ. | ഡെപ്യൂട്ടി ഡയറക്ടർ | 08-03-2021 | 19-03-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. മനേഷ്.ബി.എച്ച്, ഓഡിറ്റ് ഓഫീസർ
ശ്രീമതി ലേഖ.എം.എൽ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. അൻവർ രാജ്.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ശ്യാം കുമാർ.എസ്.ബി, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സുനിത.എസ്.ബാബു | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ. ഷാജി.എൻ | സെക്രട്ടറി | 01-04-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സ്മിത.എസ്. | കൃഷി ഓഫീസർ | 01-04-2019 | 11-04-2019 |
| ശ്രീമതി സോണിയ.വി. | കൃഷി ഓഫീസർ | 12-04-2019 | 31-03-2020 |
| ശ്രീമതി ബിനിരാജ് | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീ. രാജു.ജി. | മെഡിക്കൽ ഓഫീസർ - പി.എച്ച്.സി. | 01-04-2019 | 31-03-2020 |
| ശ്രീമതി ലാലി.എസ്. | മെഡിക്കൽ ഓഫീസർ - ഹോമിയോ | 01-04-2019 | 03-06-2019 |
| ശ്രീ. | മെഡിക്കൽ | 04-06- | 31-03- |

| | | | |
|---|---|---|---|
| സുനിൽകുമാർ.എസ്. | ഓഫീസർ - ഹോമിയോ | 2019 | 2020 |
| ശ്രീമതി ബിന്ദു.പി.എസ്. | മെഡിക്കൽ ഓഫീസർ - ആയുർവേദം | 01-04-2019 | 31-03-2020 |
| ശ്രീ. സുശീൽ കുമാർ.കെ. | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2019 | 22-11-2019 |
| ശ്രീ. വിഷ്ണു.എസ്.രാജ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 23-11-2019 | 31-03-2020 |
| ശ്രീ. രതീഷ് ഭദ്രൻ.സി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -സർക്കിൾ 1 | 01-04-2019 | 31-03-2020 |
| ശ്രീമതി കീർത്തി.പി.ആർ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -സർക്കിൾ 2 | 01-04-2019 | 31-03-2020 |
| ശ്രീമതി പത്മജാദേവി.ജി. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 25-07-2019 |
| ശ്രീമതി ലാൽസിന.എം. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 26-07-2019 | 22-12-2019 |
| ശ്രീമതി ജ്യോതി.ജെ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 23-12-2019 | 31-03-2020 |
| ശ്രീ. കൃഷ്ണകുമാർ.ടി. | ഹെഡ് മാസ്റ്റർ, ഗവ. എൽ.പി.എസ്. | 01-04-2019 | 31-03-2020 |
| ശ്രീമതി ശ്രീത.ടി. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീമതി ഫസീല ബീവി.എ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ. ഗോപകുമാർ.ജെ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Lekha.M.L (Senior Grade Auditor, On 19-03-2021)<br>Last Updated By: Manesh.B.H (Audit Officer, On 20-03-2021) | 1-1 |
| 2 | ബജറ്റിൽ വകയിരുത്തിയതിനെക്കാൾ കൂടുതൽ തുക ചെലവഴിച്ചു<br>Written By: Lekha.M.L (Senior Grade Auditor, On 19-03-2021)<br>Last Updated By: K Sreeja (Deputy Director, On 30-03-2021) | 1-1-1 |
| 3 | വാർഷിക ധനകാര്യപത്രിക<br>Written By: Lekha.M.L (Senior Grade Auditor, On 13-03-2021)<br>Last Updated By: K Sreeja (Deputy Director, On 30-03-2021) | 1-2 |
| 4 | അക്കൗണ്ടുകളിൻമേലുള്ള വാർഷിക അനുപാതങ്ങൾ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.<br>Written By: Lekha.M.L (Senior Grade Auditor, On 20-03-2021)<br>Last Updated By: Manesh.B.H (Audit Officer, On 23-03-2021) | 1-2-1 |
| 5 | ചെലവുകൾക്ക് പ്രൊവിഷൻ നൽകിയിട്ടില്ല<br>Written By: Lekha.M.L (Senior Grade Auditor, On 20-03-2021)<br>Last Updated By: Manesh.B.H (Audit Officer, On 23-03-2021) | 1-2-2 |
| 6 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം അക്കൗണ്ട് ചെയ്തിട്ടില്ല<br>Written By: Lekha.M.L (Senior Grade Auditor, On 20-03-2021)<br>Last Updated By: Manesh.B.H (Audit Officer, On 23-03-2021) | 1-2-3 |
| 7 | ട്രയൽ ബാലൻസ് അപാകതകൾ<br>Written By: Lekha.M.L (Senior Grade Auditor, On 20-03-2021)<br>Last Updated By: K Sreeja (Deputy Director, On 30-03-2021) | 1-2-4 |
| 8 | സാമ്പത്തിക വിശകലനം<br>Written By: Manesh.B.H (Audit Officer, On 13-03-2021)<br>Last Updated By: K Sreeja (Deputy Director, On 30-03-2021) | 1-3 |
| 9 | ഗ്രാൻറ് വിനിയോഗം<br>Written By: Lekha.M.L (Senior Grade Auditor, On 20-03-2021)<br>Last Updated By: K Sreeja (Deputy Director, On 30-03-2021) | 1-4 |
| 10 | പദ്ധതി അവലോകനം<br>Written By: Manesh.B.H (Audit Officer, On 21-03-2021)<br>Last Updated By: K Sreeja (Deputy Director, On 30-03-2021) | 1-5 |
| 11 | തൊഴിലുറപ്പ് പദ്ധതി<br>Written By: Manesh.B.H (Audit Officer, On 16-03-2021)<br>Last Updated By: K Sreeja (Deputy Director, On 30-03-2021) | 1-6 |
| 12 | തൊഴിലുറപ്പ് പദ്ധതി - ഗ്രാമസഭയുടെ അംഗീകാരം വാങ്ങിയില്ല<br>Written By: Manesh.B.H (Audit Officer, On 21-03-2021)<br>Last Updated By: Manesh.B.H (Audit Officer, On 21-03-2021) | 1-6-1 |
| 13 | സൈറ്റ് ഡയറികൾ പൂർണമല്ല | 1-6-2 |

| | | |
|---|---|---|
| | Written By: Manesh.B.H (Audit Officer, On 21-03-2021)<br>Last Updated By: K Sreeja (Deputy Director, On 30-03-2021) | |
| 14 | ക്ഷേമ പദ്ധതികൾ<br>Written By: Manesh.B.H (Audit Officer, On 16-03-2021)<br>Last Updated By: K Sreeja (Deputy Director, On 30-03-2021) | 1-7 |
| 15 | ക്യാഷ് പരിശോധന<br>Written By: Manesh.B.H (Audit Officer, On 13-03-2021)<br>Last Updated By: Manesh.B.H (Audit Officer, On 13-03-2021) | 1-8 |
| 16 | രസീത് ബുക്കുകൾ സ്റ്റോക്കിലെടുത്തതിലെ അപാകത<br>Written By: Manesh.B.H (Audit Officer, On 21-03-2021)<br>Last Updated By: K Sreeja (Deputy Director, On 30-03-2021) | 1-9 |
| 17 | ആഭ്യന്തര നിയന്ത്രണം<br>Written By: Manesh.B.H (Audit Officer, On 21-03-2021)<br>Last Updated By: Manesh.B.H (Audit Officer, On 21-03-2021) | 1-10 |
| 18 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Manesh.B.H (Audit Officer, On 21-03-2021)<br>Last Updated By: K Sreeja (Deputy Director, On 30-03-2021) | 1-11 |
| 19 | ലേല കുടിശ്ശിക വരുത്തിയവർക്കുതന്നെ വീണ്ടും ലേലം ഉറപ്പിച്ചു നൽകി<br>Written By: Syam Kumar S B (Auditor, On 21-03-2021)<br>Last Updated By: K Sreeja (Deputy Director, On 30-03-2021) | 1-12 |
| 20 | ലൈസൻസ് ഇല്ലാതെ റിസോർട്ടുകൾ പ്രവർത്തിക്കുന്നു<br>Written By: Syam Kumar S B (Auditor, On 21-03-2021)<br>Last Updated By: Manesh.B.H (Audit Officer, On 21-03-2021) | 1-13 |
| 21 | ട്യൂട്ടോറിയൽ സ്ഥാപനം രജിസ്ട്രേഷനില്ലാതെ പ്രവർത്തിക്കുന്നു<br>Written By: Syam Kumar S B (Auditor, On 21-03-2021)<br>Last Updated By: Manesh.B.H (Audit Officer, On 21-03-2021) | 1-14 |
| 22 | കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Syam Kumar S B (Auditor, On 22-03-2021)<br>Last Updated By: Syam Kumar S B (Auditor, On 22-03-2021) | 1-15 |
| 23 | ഗ്രാമസഭ സംഘാടനത്തിൽ പഞ്ചായത്ത് രാജ് നിയമം പാലിക്കുന്നില്ല<br>Written By: Anwar Raj.M (Senior Grade Auditor, On 21-03-2021)<br>Last Updated By: K Sreeja (Deputy Director, On 29-03-2021) | 1-16 |
| 24 | നിയമാനുസൃത സമയപരിധിയിൽ യോഗം ചേരുന്നില്ല<br>Written By: Anwar Raj.M (Senior Grade Auditor, On 21-03-2021)<br>Last Updated By: Manesh.B.H (Audit Officer, On 22-03-2021) | 1-16-1 |
| 25 | ഗ്രാമസഭ യോഗങ്ങളിൽ ബ്ലോക്ക്, ജില്ല, നിയമസഭ അംഗങ്ങൾ പങ്കെടുത്തിട്ടില്ല<br>Written By: Anwar Raj.M (Senior Grade Auditor, On 21-03-2021)<br>Last Updated By: Manesh.B.H (Audit Officer, On 22-03-2021) | 1-16-2 |

| | | |
|---|---|---|
| 26 | ഓഡിറ്റ് റിപ്പോർട്ടുകൾ ഗ്രാമസഭയിൽ ചർച്ച ചെയ്യപ്പെടുന്നില്ല<br>Written By: Anwar Raj.M (Senior Grade Auditor, On 21-03-2021)<br>Last Updated By: Manesh.B.H (Audit Officer, On 22-03-2021) | 1-16-3 |
| 27 | പദ്ധതി രൂപീകരണം<br>Written By: Manesh.B.H (Audit Officer, On 21-03-2021)<br>Last Updated By: Manesh.B.H (Audit Officer, On 22-03-2021) | 1-17 |
| 28 | ആസൂത്രണ സമിതി സജീവമായില്ല<br>Written By: Manesh.B.H (Audit Officer, On 21-03-2021)<br>Last Updated By: Manesh.B.H (Audit Officer, On 23-03-2021) | 1-17-1 |
| 29 | വർക്കിംഗ് ഗ്രൂപ്പ്<br>Written By: Manesh.B.H (Audit Officer, On 21-03-2021)<br>Last Updated By: Manesh.B.H (Audit Officer, On 22-03-2021) | 1-17-2 |
| 30 | വാങ്ങൽ പ്രക്രിയയിൽ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പാലിക്കുന്നില്ല<br>Written By: Lekha.M.L (Senior Grade Auditor, On 21-03-2021)<br>Last Updated By: Manesh.B.H (Audit Officer, On 22-03-2021) | 1-18 |
| 31 | സമാഹരണ പദ്ധതി തയ്യാറാക്കിയില്ല<br>Written By: Lekha.M.L (Senior Grade Auditor, On 21-03-2021)<br>Last Updated By: Manesh.B.H (Audit Officer, On 22-03-2021) | 1-18-1 |
| 32 | പ്രൊക്യൂർമെന്റ് കമ്മിറ്റി<br>Written By: Lekha.M.L (Senior Grade Auditor, On 21-03-2021)<br>Last Updated By: Manesh.B.H (Audit Officer, On 23-03-2021) | 1-18-2 |
| 33 | ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയില്ല<br>Written By: Lekha.M.L (Senior Grade Auditor, On 21-03-2021)<br>Last Updated By: Manesh.B.H (Audit Officer, On 22-03-2021) | 1-19 |
| 34 | പൊതു ടാപ്പുകളുടെ വെള്ളക്കരം - വെള്ളക്കരം പുതുക്കി നിശ്ചയിക്കേണ്ടതാണ്.<br>Written By: Lekha.M.L (Senior Grade Auditor, On 20-03-2021)<br>Last Updated By: K Sreeja (Deputy Director, On 30-03-2021) | 1-20 |
| 35 | ഹരിതഭവനം പ്രോജക്ട്- നടത്തിപ്പിലെ അപാകതകൾ<br>Written By: Manesh.B.H (Audit Officer, On 22-03-2021)<br>Last Updated By: K Sreeja (Deputy Director, On 30-03-2021) | 1-21 |
| 36 | ബെനിഫിഷ്യറി എൻറോൾമെന്റ് ഫോം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല<br>Written By: Manesh.B.H (Audit Officer, On 22-03-2021)<br>Last Updated By: K Sreeja (Deputy Director, On 30-03-2021) | 1-21-1 |
| 37 | സ്വന്തമായി ഭൂമിയില്ലാത്തവർക്ക് ആനുകൂല്യം<br>Written By: Manesh.B.H (Audit Officer, On 22-03-2021)<br>Last Updated By: Manesh.B.H (Audit Officer, On 22-03-2021) | 1-21-2 |
| 38 | ഷോർട്ട് എക്സ്പയറി മരുന്ന് വാങ്ങി സ്റ്റോക്കിലെടുത്തു<br>Written By: Anwar Raj.M (Senior Grade Auditor, On 22-03-2021)<br>Last Updated By: K Sreeja (Deputy Director, On 30-03-2021) | 1-22 |
| 39 | കട്ടമരം വാങ്ങൽ – ഗുണഭോക്തൃ ലിസ്റ്റിലെ | 1-23 |

| | | |
|---|---|---|
| | മുൻഗണന ക്രമം മറികടന്ന് ആനുകൂല്യ വിതരണം<br>Written By: Manesh.B.H (Audit Officer, On 22-03-2021)<br>Last Updated By: K Sreeja (Deputy Director, On 30-03-2021) | |
| 40 | ഓവർഹെഡ് ചാർജ് ഇനത്തിൽ അധികച്ചെലവ്<br>Written By: Manesh.B.H (Audit Officer, On 23-03-2021)<br>Last Updated By: K Sreeja (Deputy Director, On 30-03-2021) | 1-24 |
| 41 | കരാർ ചമച്ചതിലെ കാലതാമസത്തിന് പിഴ ഈടാക്കിയില്ല<br>Written By: Manesh.B.H (Audit Officer, On 23-03-2021)<br>Last Updated By: K Sreeja (Deputy Director, On 29-03-2021) | 1-25 |
| 42 | ലൈഫ് ഭവന പദ്ധതി - അപാകതകൾ<br>Written By: Lekha.M.L (Senior Grade Auditor, On 20-03-2021)<br>Last Updated By: K Sreeja (Deputy Director, On 30-03-2021) | 1-26 |
| 43 | 2018-19 ഓഡിറ്റ് റിപ്പോർട്ട് തുടർ നടപടികൾ<br>Written By: Manesh.B.H (Audit Officer, On 23-03-2021)<br>Last Updated By: K Sreeja (Deputy Director, On 30-03-2021) | 1-27 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Manesh.B.H (Audit Officer, On 18-03-2021)<br>Last Updated By: K Sreeja (Deputy Director, On 30-03-2021) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Manesh.B.H (Audit Officer, On 13-03-2021)<br>Last Updated By: Manesh.B.H (Audit Officer, On 13-03-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Manesh.B.H (Audit Officer, On 13-03-2021)<br>Last Updated By: Manesh.B.H (Audit Officer, On 13-03-2021) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Manesh.B.H (Audit Officer, On 15-03-2021)<br>Last Updated By: K Sreeja (Deputy Director, On 30-03-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Manesh.B.H (Audit Officer, On 13-03-2021)<br>Last Updated By: Manesh.B.H (Audit Officer, On 13-03-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Manesh.B.H (Audit Officer, On 13-03-2021)<br>Last Updated By: K Sreeja (Deputy Director, On 30-03-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Manesh.B.H (Audit Officer, On 13-03-2021)<br>Last Updated By: Manesh.B.H (Audit Officer, On 13-03-2021) | 4-7 |

| | | |
|---|---|---|
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Manesh.B.H (Audit Officer, On 13-03-2021)<br>Last Updated By: Manesh.B.H (Audit Officer, On 13-03-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Manesh.B.H (Audit Officer, On 23-03-2021)<br>Last Updated By: K Sreeja (Deputy Director, On 30-03-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Manesh.B.H (Audit Officer, On 13-03-2021)<br>Last Updated By: K Sreeja (Deputy Director, On 30-03-2021) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

2019-20 വർഷത്തെ റിവൈസ്ഡ് ബജറ്റ് 23.03.2020 തീയതിയിലെ I-ാംനമ്പർ തീരുമാനപ്രകാരം പ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 17.01.2020ലെ2 - I-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

### 1-1-1 ബജറ്റിൽ വകയിരുത്തിയതിനെക്കാൾ കൂടുതൽ തുക ചെലവഴിച്ചു

2019-20വർഷം ചില ഇനങ്ങൾക്ക് ബജറ്റിൽ വകയിരുത്താതെയും ബജറ്റിൽ വകയിരുത്തിയതിനെക്കാൾ കൂടുതലും തുക ചെലവഴിച്ചു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഹെഡ് ഓഫ് അക്കൗണ്ട് (ബജറ്റ് പ്രകാരം) | ഇനം | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്.പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 2501035 | Animal Husbandary-Poultry | 266400/- | 363500/- |
| 2 | 2511002 | Primary Education General | - | 1063076/- |
| 3 | 2511006 | SSA And Other Educational Programms General | - | 500000/- |
| 4 | 2512002 | Public Health Programms | - | 858927 |
| 5 | 2514202 | Anganvadi Related Service General | 547500 | 1095000 |

പഞ്ചായത്ത് രാജ് നിയമത്തിലെ 214-ാം വകുപ്പ്, സെക്ഷൻ 72 ൽ നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കാതെയാണ് ബജറ്റ് തയ്യാറാക്കിയത്. ബജറ്റിൽ ഉൾപ്പെടുത്തിയ തുകയ്ക്കുള്ളിൽ നിന്ന് ചെലവ് നിയന്ത്രിക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതും ചെലവ് അധികരിക്കുന്ന സന്ദർഭങ്ങളിൽ ചട്ടങ്ങളിൽ അനുശാസിക്കും പ്രകാരം ബജറ്റ് റിവൈസ് ചെയ്ത് ചെലവ് ക്രമീകരിക്കേണ്ടതുമാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-20 | 06.05.2020 | - | - |

### 1-2-1 അക്കൗണ്ടുകളിൻമേലുള്ള വാർഷിക അനുപാതങ്ങൾ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

പഞ്ചായത്ത്‌രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ നിർദ്ദേശിക്കുന്ന പ്രകാരം വാർഷിക കണക്കുകളിൽ 2വർഷത്തെ തുകകൾ ലഭ്യമാക്കി താരതമ്യ പഠനം സാധ്യമാക്കിയിട്ടില്ല.

## 1-2-2 ചെലവുകൾക്ക് പ്രൊവിഷൻ നൽകിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ 2019-20ലെ സ്ഥിര ജീവനക്കാരുടെ ശമ്പളാനുകൂല്യങ്ങളിലെ കുടിശ്ശിക മാത്രമാണ് B9 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 2019-20ലെ കുടിശ്ശികയായ മറ്റു ചെലവുകൾക്കായി ബാലൻസ്ഷീറ്റിൽ പ്രൊവിഷൻ നൽകിയിട്ടില്ല. 2019-20 വർഷത്തെ ഓണറേറിയം, വൈദ്യുതി ചാർജ്ജ്, ടെലഫോൺ ചാർജ്ജ് തുടങ്ങിയ ചെലവുകൾ 2020 ഏപ്രിൽ മാസത്തിൽ നടത്തിട്ടുണ്ട്.

## 1-2-3 ബ്ലോക്ക് പഞ്ചായത്ത് വിഹിതം അക്കൗണ്ട് ചെയ്തിട്ടില്ല

ബ്ലോക്ക് പഞ്ചായത്ത് വിഹിതം വരവ് AFS പ്രകാരം 25,05,399/-രൂപയാണ്. ജൈവ സമൃദ്ധി തരിശു പച്ചക്കറി കൃഷിക്കായി 32,239/-രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ചെലവഴിച്ചു. എന്നാൽ പ്രസ്തുത തുക തൻവർഷം വരവ് വന്നതായി കാണുന്നില്ല.

## 1-2-4 ട്രയൽ ബാലൻസ് അപാകതകൾ

2019-20 ട്രയൽ ബാലൻസ് ക്ലോസിംഗ് ബാലൻസിൽ ചിലയിനങ്ങൾക്ക് ഒരേ സമയം ഡെബിറ്റ് ക്രഡിറ്റ്

ബാലൻസുകൾ രേഖപ്പെടുത്തിയിരിക്കുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| അക്കൗണ്ട് ഹെഡ് | ഹെഡ് ഓഫ് അക്കൌണ്ട് | ക്ലോസിംഗ് ബാലൻസ് | |
|---|---|---|---|
| | | ഡെബിറ്റ് | ക്രഡിറ്റ് |
| 320200308 | Library Grant | 31160 | 31360 |
| 320200322 | Grant From Suchithwa Mission | 104904 | 1725662 |
| 350300114 | Govt And Other Dues Payable | 5434 | 5434 |
| 254200101 | Unemployment Allowace Scheme | 215280 | 61800 |

മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 16031137 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 76317341 |
| ആകെ | 92348478 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 69116681 |
| നീക്കിയിരിപ്പ് | 69116681 |

## 1-4 ഗ്രാന്റ് വിനിയോഗം

| | ഓപ്പണിംഗ് ബാലൻസ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ലാപ്സായ തുക | റിമാർക്സ് |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 11654038 | 11654038 | 11654038 | - | - | Source Deduction -759196 Q Bill- 596552 |
| വികസന ഫണ്ട് SCP | 0 | 5574923 | 5574923 | 5574923 | - | - | Source Deduction -88235 |
| വികസന ഫണ്ട് TSP | | | | | | | |
| മെയിന്റനൻസ് റോഡ് | 0 | 1922985 | 1922985 | 1922985 | - | - | Q Bill- 1106362 |
| മെയിന്റനൻസ് നോൺ റോഡ് | 0 | 3441317 | 3441317 | 3441317 | - | - | Q Bill – 312120 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 4981439 | 4981439 | 4981439 | - | - | Q Bill - 1047982 |
| ലൈബ്രറി ഗ്രാന്റ് | 15580 | 15580 | 31160 | 31160 | 0 | - | - |
| ശുചിത്വ മിഷൻ | 2191428 | 534234 | 2725662 | 104904 | 2620758 | - | - |
| കേന്ദ്രാവിഷ്കൃതം (MGNREGS) | 11887 | 1009272 | 1021159 | 686286 | 334873 | - | - |
| ICDS | 247253 | 971269 | 1218522 | 875078 | 343444 | - | - |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 152 | 9,56,22,270 | 102 | 5,36,83,828 | 0 | 50 | 67 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 11887 | 1009272 | 1021159 | 686286 | 334873 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 12351662 | 12351662 | 12351662 | 0 |
| ആകെ | 11887 | 13360934 | 13372821 | 13037948 | 334873 |

ഗ്രാമ പഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതി നിർവ്വഹണ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആകെ വാർഡുകളുടെ എണ്ണം | 17 |

| | |
|---|---|
| ഗ്രാമപഞ്ചായത്തിലെ ആകെ കുടുംബങ്ങളുടെ എണ്ണം | 7189 |
| തൊഴിലുറപ്പ് പദ്ധതിക്കായി രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 3684 |
| തൻവർഷം തൊഴിൽ നൽകിയ കുടുംബങ്ങളുടെ എണ്ണം | 1244 |
| തൻവർഷം 100 ദിവസം തൊഴിൽ നൽകിയ കുടുംബങ്ങളുടെ എണ്ണം | 23 |
| ഒരു കുടുംബത്തിന് തൻവർഷത്തിൽ നൽകിയ തൊഴിൽ ദിനങ്ങളുടെ ശരാശരി | 40.41 |
| ഷെൽഫ് ഓഫ് പ്രൊജക്ട് പ്രകാരം തൻവർഷത്തെ പദ്ധതികളുടെ എണ്ണം | 425 |
| വകയിരുത്തിയ തുക | 49118000 |
| നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | 149 |
| കൂലിയിനത്തിലെ ചെലവ് | 12239166 |
| കൂലിയിതരയിനത്തിലെ ചെലവ് | 112496 |
| തൊഴിലുപകരണങ്ങൾക്ക് വാടകയിനത്തിൽ തൻവർഷം നൽകിയ തുക | 224870 |
| ലേബർ ബജറ്റ് പ്രകാരമുള്ള ആകെ വരവ് | 13374000 |
| ലേബർ ബജറ്റ് പ്രകാരമുള്ള ആകെ ചെലവ് | 13357000 |

## 1-6-1 തൊഴിലുറപ്പ് പദ്ധതി - ഗ്രാമസഭയുടെ അംഗീകാരം വാങ്ങിയില്ല

തൊഴിലുറപ്പ് പദ്ധതി നിയമം 2005 ഖണ്ഡിക 6.1.10 പ്രകാരം ആസ്തി സൃഷ്ടിക്കുന്നതിനുവേണ്ടി തയ്യാറാക്കപ്പെട്ട പദ്ധതികളുടെ തുടർ നടപടിക്രമങ്ങൾ ഗ്രാമസഭയിൽ വച്ച് അംഗീകരിക്കണമെന്നുണ്ട്. എന്നാൽ തൊഴുത്ത് നിർമ്മാണം, ആട്ടിൻകൂട് നിർമ്മാണം മുതലായ പ്രവൃത്തികൾ ഗ്രാമസഭയിൽവച്ച് അംഗീകാരം വാങ്ങിയിട്ടില്ല.

കോവിഡ് 19 നിയന്ത്രണങ്ങളുടെ ഭാഗമായി ഗ്രാമസഭ കൂടാൻ സാധിക്കാത്തതിനാൽ പ്രവൃത്തികൾ ഗ്രാമസഭയിൽ അംഗീകരിക്കാൻ കഴിഞ്ഞില്ലായെന്നും അടുത്ത് തന്നെ പ്രത്യേക ഗ്രാമസഭ വിളിച്ചുകൂട്ടി സാധൂകരണം വാങ്ങുന്നതാണെന്നും വിശദീകരിച്ചിട്ടുണ്ട്(ഓഡിറ്റ് എൻക്വയറി നമ്പർ 32/17.03.2021ന്റെ മറുപടി). എന്നാൽ, കോവിഡിന് മുൻപായി 1/19, 08/19, 02/20 എന്നി മാസങ്ങളിൽ ഗ്രാമസഭകൾ യോഗം ചേർന്നിട്ടുണ്ട്. ഭാവിയിൽ ഇപ്രകാരമുള്ള അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 1-6-2 സൈറ്റ് ഡയറികൾ പൂർണമല്ല

ഭൂരിഭാഗം പ്രവൃത്തികളിലും സൈറ്റ് ഡയറയിൽ പൂർണമായ രേഖപ്പെടുത്തലുകളില്ല. പ്രോജക്ട് മീറ്റിംഗിന്റെ വിവരം മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രവൃത്തിസ്ഥലത്ത് ഏർപ്പെടുത്തിയ സൌകര്യം, ഉപയോഗിച്ച സാധനസാമഗ്രികളുടെ വിവരം, തൊഴിലാളികളുടെ സാക്ഷ്യപത്രം, വിജിലൻസ് & മോണിറ്ററിംഗ് റിപ്പോർട്ട് മുതലായവ ഉൾപ്പെടുത്തിയിട്ടില്ല.

ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയിനം | ഗുണഭോക്താവിന്റെ പേര് | എസ്റ്റിമേറ്റ് തുക | ചെലവ് തുക |
|---|---|---|---|
| തൊഴുത്ത് നിർമ്മാണം | രവീന്ദ്രൻ നായർ | 60000 | 41901 |
| | ലിസി | 60000 | 50765 |
| ആട്ടിൻകൂട് നിർമ്മാണം | രവീന്ദ്രൻ നായർ | 53290 | 41834 |
| | ഇന്ദിര | 58758 | 40637 |
| വ്യക്തിഗത ടോയ് ലറ്റ് നിർമ്മാണം | വിജയകുമാരി | 12000 | 9776 |

വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 32/17.03.2021) നൽകിയതിന്റെ അടിസ്ഥാനത്തിൽ സൈറ്റ് ഡയറിയിൽ പൂർണമായി രേഖപ്പെടുത്തൽ വരുത്തി ലഭ്യമാക്കുകയും തുടർന്നുള്ള പ്രവൃത്തികളിൽ കൂടുതൽ ശ്രദ്ധിക്കുന്നതാണെന്ന് വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്.

സൈറ്റ് ഡയറിയിൽ എല്ലാ രേഖപ്പെടുത്തലുകളും വരുത്തുന്നതിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 153480 | 106 |
| കർഷകതൊഴിലാളി പെൻഷൻ | 93600 | 29 |
| വിധവാപെൻഷൻ | 5079600 | 1499 |
| വാർദ്ധക്യകാലപെൻഷൻ | 8691900 | 2711 |
| വികലാംഗപെൻഷൻ | 1304300 | 371 |
| വിവാഹധനസഹായം | 480000 | 16 |
| അവിവാഹിതരായ 50 വയസിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 48600 | 15 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.03.2021, 10.15 AM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,25,776രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 രസീത് ബുക്കുകൾ സ്റ്റോക്കിലെടുത്തതിലെ അപാകത

സ്റ്റോക്ക് രജിസ്റ്ററിനെ അവലംബിച്ച് നടത്തിയ രസീത് ബുക്കുകളുടെ ഭൌതിക പരിശോധനയിൽ കണ്ടെത്തിയ അപാകത ചുവടെ ചേർക്കുന്നു.

ഡെലിവറി ചെല്ലാൻ നമ്പർ 13/24.02.2021 പ്രകാരം 2805 മുതൽ 2854 വരെ നമ്പരിലുള്ള രസീത് ബുക്കുകൾ ഡി.ഡി.പിയിൽ നിന്നും കൈപ്പറ്റി സ്റ്റോക്കിലെടുത്തിട്ടുണ്ട് (പേജ് നമ്പർ 37). അവയിൽ 2810 വരെയുള്ള രസീത് ബുക്കുകൾ 04.03.2021 വരെയുള്ള തീയതികളിൽ വിതരണം ചെയ്തിട്ടുണ്ട്. രസീത് ബുക്കുകളുടെ ഭൌതിക പരിശോധനയിൽ 2811 മുതൽ 2825 വരെയും 2851 മുതൽ 2854 വരെയുമുള്ള 19 രസീത് ബുക്കുകൾ സ്റ്റോക്കിൽ സൂക്ഷിച്ചിട്ടുണ്ട്. 2826 മുതൽ 2850 വരെയുള്ള 25 രസീത് ബുക്കുകൾ സ്റ്റോക്കിലില്ല. പകരം 2876 മുതൽ 2900 വരെയുള്ള 25 രസീത് ബുക്കുകളാണ് സൂക്ഷിച്ചിട്ടുള്ളത്.

രസീത്ബുക്കുകളുടെ ബുക്ക് നമ്പർ പ്രകാരം സ്റ്റോക്കിലെടുത്തിട്ടില്ലായെന്നും അപ്രകാരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി സമർപ്പിക്കുന്നതാണെന്നും ഡെലിവറി ചെല്ലാൻ പ്രകാരമുള്ള രസീത് ബുക്കുകൾ ലഭ്യമായിട്ടില്ലായെന്ന വിവരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ അറിയിക്കുന്നതാണെന്നും വിശദീകരിച്ചിട്ടുണ്ട്(ഓഡിറ്റ് എൻക്വയറി നമ്പർ: 34/19.03.2021ന്റെ മറുപടി).

രസീത് ബുക്കുകളുടെ കൃത്യമായ പരിശോധനയില്ലാതെ സ്റ്റോക്കിലെടുത്തതിനാലാണ് ഇപ്രകാരമുള്ള അപാകത സംഭവിച്ചത്. ഭാവിയിൽ ഇപ്രകാരമുള്ള അപാകത ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർനടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 1-10 ആഭ്യന്തര നിയന്ത്രണം

സ്ഥാപനതലത്തിൽ ബാധകമായ നിയമങ്ങളും നിയന്ത്രണ നിർദ്ദേശങ്ങളും ഏറെക്കുറെ പാലിക്കപ്പെടുന്നുണ്ട്. ഓഫീസ് ഉത്തരവ് പ്രകാരം ജോലിവിഭജനം കൃത്യമായി നടത്തുന്നുണ്ടെങ്കിലും തുടർനടപടികൾ പരിശോധിക്കപ്പെടുന്നില്ല. ഓഫീസ് മീറ്റിംഗ് രജിസ്റ്ററിന്റെ പരിശോധനയിൽ 11.01.2019ന് ശേഷം ഓഫീസ് മീറ്റിംഗ് നടത്തിയതായി കാണുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഗ്രാമപഞ്ചായത്തിന്റെ 01.09.2020 മുതൽ 31.12.2020 വരെയുള്ള പെർഫൊമൻസ് ഓഡിറ്റും 2013-14 മുതൽ 2017-18 വരെയുള്ള എ.ജി. ഓഡിറ്റും നടന്ന് ഓഡിറ്റ് റിപ്പോർട്ടുകൾ ലഭിച്ചിട്ടുള്ളതാണ്. എന്നാൽ, ഓഡിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത റിപ്പോർട്ടുകളിന്മേലുള്ള തുടർ നടപടികളുടെ വിവരം വ്യക്തമല്ല. ലഭ്യമാക്കിയ ഫയലിൽ എ.ജി. ഓഡിറ്റ് റിപ്പോർട്ടിന് നാളിതുവരെ മറുപടി നൽകിയിട്ടില്ലായെന്ന് വ്യക്തമാകുന്നു.

## 1-12 ലേല കുടിശ്ശിക വരുത്തിയവർക്കുതന്നെ വീണ്ടും ലേലം ഉറപ്പിച്ചു നൽകി

ഗ്രാമപഞ്ചായത്തിലെ 2019-20 സാമ്പത്തിക വർഷത്തിലെ ലേല നടപടികളുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു

1) വെൺകുളം പബ്ലിക് മാർക്കറ്റ് ഗേറ്റ് ഫീസ് പിരിക്കുവാനുള്ള അവകാശം 80100/- രൂപക്ക് ശ്രീ സുനിൽ കുമാർ, പാല വിള വീട് ലേലം കൊണ്ടു. നിരത ദ്രവ്യമായ 5000/- രൂപയും രസീത് നമ്പർ 119060101289/01-07-2019 പ്രകാരം 25000 രൂപയും രസീത് നമ്പർ 11096010 2314/30.09.2019 പ്രകാരം 25000 രൂപയും മാത്രമാണ് ഒടുക്ക് വരുത്തിയിട്ടുള്ളത് ബാലൻസ് തുകയായ 25100 രൂപ അടച്ചിട്ടില്ല. ഇതേ വ്യക്തിക്കുതന്നെ 2020-21 വർഷം പ്രസ്തുത മാർക്കറ്റ് ഗേറ്റ്ഫീസ് പിരിവ് ലേലാവകാശം ഉറപ്പിച്ച് നൽകിയിട്ടുണ്ട്. വിശദീകരണം ആവശ്യപ്പെട്ടതിനെ തുടർന്ന് (ഓഡിറ്റ് അന്വേഷണം -16 /12.03.2021) രസീത് നമ്പർ 120060104839/12.03.2021 പ്രകാരം പലിശയുൾപ്പെടെ 35518 രൂപ ഒടുക്ക് വരുത്തി.

2) വെൺകുളം പബ്ലിക് മാർക്കറ്റിലെ മാട്ടിറച്ചി വിൽപ്പന നടത്തുവാനുള്ള അവകാശം 29500/- രൂപക്ക് ശ്രീ ഷാജി, പുല്ലൂർവിള ലേലം കൊണ്ടു. നിരതദ്രവ്യമായ 2000/- രൂപ ഒഴികെ മറ്റൊരു തുകയും ഒടുക്കിയില്ല. ഇതേ വ്യക്തിക്ക് തന്നെ 2020-21 സാമ്പത്തിക വർഷത്തേക്കുള്ള ലേലാവകാശം ഉറപ്പിച്ചുനൽകിയിട്ടുണ്ട്. ഓഡിറ്റ് എൻക്വയറി നൽകിയതിന്റെ അടിസ്ഥാനത്തിൽ രസീത് നമ്പർ 120060104840/12.03.2021 പ്രകാരം പലിശയുൾപ്പെടെ 34810 രൂപ ഒടുക്ക് വരുത്തി.

3) വെൺകുളം പബ്ലിക് മാർക്കറ്റിലെ ആട്ടിറച്ചി വിൽപ്പന നടത്തുവാനുള്ള അവകാശം 29000/- രൂപക്ക് ശ്രീ അൻവറുദ്ദീൻ, അഷ്റഫ് മൻസിൽ ലേലം കൊണ്ടു. നിരതദ്രവ്യമായ 2000/- രൂപ ഒഴികെ മറ്റൊരു തുകയും ഒടുക്ക് വരുത്തിയില്ല. ഓഡിറ്റ് എൻക്വയറി നൽകിയതിന്റെ അടിസ്ഥാനത്തിൽ രസീത് നമ്പർ 120060104841/12.03.2021 പ്രകാരം പലിശയുൾപ്പെടെ 6800 രൂപ ഒടുക്ക് വരുത്തി.

കോവിഡ് -19 ലോക്ക്ഡൌൺ ആയതിനാൽ അവസാന ഗഡുക്കൾ പിരിച്ചെടുക്കാൻ സാധിച്ചില്ലായെന്ന് വിശദീകരിച്ചിട്ടുണ്ട്. ലേലകുടിശ്ശിക വരുത്തിയ വ്യക്തികൾക്ക് വീണ്ടും ലേലം അനുവദിച്ച് കൊടുത്ത നടപടി അംഗീകരിക്കാവുന്നതല്ല. ഭാവിയിൽ ഇപ്രകാരമുള്ള അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 1-13 ലൈസൻസ് ഇല്ലാതെ റിസോർട്ടുകൾ പ്രവർത്തിക്കുന്നു

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232 പ്രകാരം ഗ്രാമപഞ്ചായത്തിന് ഇതിലേക്കുള്ള

ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള എന്തെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകുന്ന ഒരു ലൈസൻസ് കൂടാതെയും ആ ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസരണമല്ലാതെയും പഞ്ചായത്ത് പ്രദേശത്തുള്ള യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലെന്ന് പരസ്യം ചെയ്യാവുന്നതാണ്. എന്നാൽ, ഗ്രാമപഞ്ചായത്തിൽ നിയമങ്ങൾക്കനുസൃതമായ രീതിയിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റിസോർട്ടുകളെ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു(അവലംബം - ഓഡിറ്റ് എൻക്വയറി നമ്പർ33/19.03.20201ന്റെ മറുപടി).

| | |
|---|---|
| ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റിസോർട്ടുകളുടെ എണ്ണം | 163 |
| നിയമാനുസൃത കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവയുടെ എണ്ണം | 91 |
| Unauthorised Number നൽകിയിട്ടുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന റിസോർട്ടുകളുടെ എണ്ണം | 72 |
| ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നവയുടെ എണ്ണം | 109 |

ഭരണസമിതിയുടെ 09.07.2019ലെ 9(6) നമ്പർ തീരുമാനപ്രകാരം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ റിസോർട്ടുകൾക്കും ലൈസൻസ് എടുക്കേണ്ടുന്ന എല്ലാ സ്ഥാപനങ്ങൾക്കും ലൈസൻസ് എടുപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിന് തീരുമാനിച്ചിരുന്നു. നിയമാനുസൃത നമ്പറില്ലാത്ത റിസോർട്ടുകൾക്ക് ലൈസൻസ് കൊടുക്കാൻ നിയമം ഇല്ലാത്തതിനാൽ ലൈസൻസ് അനുവദിച്ചിട്ടില്ലായെന്നാണ് വിശദീകരണം. എന്നാൽ നിയമാനുസൃത കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന 37 റിസോർട്ടുകൾ ലൈസൻസ് എടുത്തിട്ടില്ലായെന്ന് മുകളിലെ പട്ടികയിൽ നിന്ന് വ്യക്തമാകുന്നു. കൂടാതെ അനധികൃതമായി പ്രവർത്തിക്കുന്ന റിസോർട്ടുകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുമില്ല. ഉചിതമായ നടപടികൾ സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-14 ട്യൂട്ടോറിയൽ സ്ഥാപനം രജിസ്ട്രേഷനില്ലാതെ പ്രവർത്തിക്കുന്നു

1999ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങളിലെ 3(1)-ാം ചട്ടം പ്രകാരം ഒരു ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ യാതൊരു ട്യൂട്ടോറിയൽ സ്ഥാപനവും സ്ഥാപിക്കാൻ പാടുള്ളതല്ല.

എന്നാൽ, 2019-20 വർഷം ട്യൂട്ടോറിയൽ സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ നൽകിയിട്ടില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഒരു ട്യൂട്ടോറിയൽ സ്ഥാപനമാണുള്ളതെന്നും 2019-20 വർഷം രജിസ്ട്രേഷൻ പുതുക്കാതിരുന്നതിനാൽ സ്ഥാപനത്തിന് നോട്ടീസ് നല്കിയിട്ടുള്ളതാണെന്നും അറിയിച്ചിട്ടുണ്ട്(ഓഡിറ്റ് എൻക്വയറി നമ്പർ33/19.03.20201ന്റെ മറുപടി). തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-15 കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയില്ല

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204(1) പ്രകാരം നിർണയിക്കപ്പെടാവുന്ന ചട്ടങ്ങൾക്ക് വിധേയമായി ഓരോ ഗ്രാമപഞ്ചായത്ത് പ്രദേശത്തും ഓരോ അർദ്ധവർഷവും ആ അർദ്ധവർഷത്തിൽ, ആകെക്കൂടി അറുപത് ദിവസത്തിൽ കുറയാതെ ആ പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ അഥവാ ആകെക്കൂടി അറുപത് ദിവസത്തിൽ കുറയാതെ ആ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനുവെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ ആയ എതൊരാളുടെയും മേൽ തൊഴിൽനികുതി ചുമത്തേണ്ടതാകുന്നു.

2019-20 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിലെ വിവിധ മരാമത്ത് പ്രവൃത്തികൾ ചുവടെ ചേർക്കുന്ന കരാറുകാർ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്. പ്രസ്തുത കരാറുകാരിൽ നിന്ന് തൻവർഷം തൊഴിൽ നികുതി

ഈടാക്കിയില്ല.

| ക്രമ നമ്പർ | പേര് | മേൽവിലാസം |
|---|---|---|
| 1 | സുൽഫിക്കർ | തോണിച്ചാൽ, മാടൻവിള, പെരുമാതുറ |
| 2 | നഹാസ് | ബിസ്മില്ല, കുളമുട്ടം |
| 3 | ഇബ്രാഹിംകുട്ടി.എം | നെടിയത്ത് തെക്കതിൽ, ചവറ |
| 4 | ഹാഷിം.എം | കിഴക്കേഭാഗം, കുരയ്ക്കണ്ണി |
| 5 | ചിന്തു പ്രസാദ് | കൃഷ്ണ, വടശ്ശേരിക്കോണം |
| 6 | ഷാനവാസ്.എം.ആർ | എം.ആർ.എസ്. മൻസിൽ, മംഗലപുരം |
| 7 | അപ്പുക്കുട്ടൻ | റോഡരികത്ത് വീട്, വെളിയംകോട് |
| 8 | സനിൽ.ആർ | കല്ലുകടവ്, വെന്നിക്കോട് |
| 9 | സുഗുണാനന്ദൻ | പാട്ടത്തിൽ, ഞെക്കാട് |
| 10 | അശോകൻ | തീർത്ഥം, പുത്തൻചന്ത |
| 11 | ശംഭു.വി | കരിമ്പാലിച്ചിറവീട്, കണ്ണംകര |
| 12 | സുദർശനൻ | എസ്.എൽ.ലാന്റ്, കോവൂർ |
| 13 | ആനന്ദകൃഷ്ണദീപ് | തൃപ്തി, പാളയംകുന്ന് |
| 14 | നിഖിൽ കേരളീയൻ | നിജി നിവാസ്, ശ്രീനിവാസപുരം |

പ്രസ്തുത കരാറുകാർ 2019-20 സാമ്പത്തിക വർഷം തൊഴിൽനികുതി ഒടുക്കിയിട്ടില്ലായെന്നും മറ്റേതെങ്കിലും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ തൊഴിൽനികുതി ഒടുക്കിയിട്ടുണ്ടോയെന്നുറപ്പാക്കി ആയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ13/12.03.2021ന്റെ മറുപടി).

ലഭ്യമാകുന്ന എല്ലാ സ്രോതസുകളിൽ നിന്നും തനത് വരുമാനം ഉറപ്പാക്കുന്നതിലേക്കായി ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധ പ്രസ്തുത വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-16 ഗ്രാമസഭ സംഘാടനത്തിൽ പഞ്ചായത്ത് രാജ് നിയമം പാലിക്കുന്നില്ല

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 3(3) പ്രകാരം ഗ്രാമസഭ കുറഞ്ഞപക്ഷം മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും യോഗം ചേരേണ്ടതാണെന്നും അങ്ങനെയുള്ള യോഗങ്ങളിൽ ഗ്രാമസഭ ഉൾക്കൊള്ളുന്ന പ്രദേശത്തെ പ്രതിനിധീകരിക്കുന്ന ബ്ലോക്ക് പഞ്ചായത്ത് അംഗത്തെയും ജില്ല പഞ്ചായത്ത് അംഗത്തെയും നിയമസഭ അംഗത്തെയും നിർബന്ധമായും ക്ഷണിക്കേണ്ടതാണെന്നും പറയുന്നു.ഗ്രാമസഭയുടെ അധികാരങ്ങളും ചുമതലകളും അവകാശങ്ങളും പരാമർശിച്ചിട്ടുള്ള സെക്ഷൻ 3എയിലെ ഉപവകുപ്പ് 3 പ്രകാരം ഗ്രാമസഭയുടെ പരിഗണനക്ക് വരുന്ന ഓഡിറ്റ് റിപ്പോർട്ടിനെക്കുറിച്ചോ പെർഫൊമൻസ് ഓഡിറ്റ് റിപ്പോർട്ടിനെക്കുറിച്ചോ യോഗത്തിൽ ചർച്ച ചെയ്യേണ്ടതും അതിന്റെ അഭിപ്രായങ്ങളും ശുപാർശകളും നിർദ്ദേശങ്ങളും ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടതുമാണ്. എന്നാൽ ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ നടന്നതായി കാണുന്നില്ല. വിശദാംശങ്ങൾ ഉപഖണ്ഡികകളിൽ ചേർക്കുന്നു.

## 1-16-1 നിയമാനുസൃത സമയപരിധിയിൽ യോഗം ചേരുന്നില്ല

മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേരണമെന്ന നിബന്ധന പാലിച്ചിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ | യോഗങ്ങൾ ചേർന്ന തീയതികൾ | | |
|---|---|---|---|
| 1 | 23.01.2019 | 27.08.2019 | 06.02.2020 |
| | | | |

| | | | |
|---|---|---|---|
| 2 | 23.01.2019 | 29.08.2019 | 06.02.2020 |
| 3 | 24.01.2019 | 27.08.2019 | 06.02.2020 |
| 5 | 25.01.2019 | 29.08.2019 | 10.02.2020 |
| 6 | 25.01.2019 | 30.08.2019 | 07.02.2020 |
| 7 | 01.02.2019 | 30.08.2019 | 11.02.2020 |
| 11 | 30.11.2019 | 26.08.2019 | 13.02.2020 |
| 17 | 01.02.2019 | 27.08.2019 | 11.02.2020 |

ന്യൂനതകൾ ഭരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ട് വന്ന പരിഹരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്(എൻക്വയറി നമ്പർ 31/18.03.2021). പ്രസ്തുത വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-16-2 ഗ്രാമസഭ യോഗങ്ങളിൽ ബ്ലോക്ക്, ജില്ല, നിയമസഭ അംഗങ്ങൾ പങ്കെടുത്തിട്ടില്ല

ഗ്രാമസഭ യോഗങ്ങളിൽ ബ്ലോക്ക്, ജില്ല, നിയമസഭ അംഗങ്ങൾ പങ്കെടുത്തിട്ടില്ല. ഗ്രാമസഭയോഗങ്ങളെ സംബന്ധിച്ച് ബ്ലോക്ക്, ജില്ല, നിയമസഭ അംഗങ്ങൾക്ക് യഥാസമയം അറിയിപ്പ് നൽകിയതായി മറുപടി ലഭ്യമാക്കിയെങ്കിലും വിശദാംശമായി ലഭ്യമാക്കിയത് 2019-20 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട ഗ്രാമസഭകളിലേക്ക് ക്ഷണിച്ചുകൊണ്ടുള്ളതാണ്.

## 1-16-3 ഓഡിറ്റ് റിപ്പോർട്ടുകൾ ഗ്രാമസഭയിൽ ചർച്ച ചെയ്യപ്പെടുന്നില്ല

ഓഡിറ്റ് റിപ്പോർട്ടുകൾ ഗ്രാമസഭയുടെ പരിഗണനക്ക് വരുന്നില്ല. വരുന്ന ഗ്രാമസഭകളിൽ ഓഡിറ്റ് റിപ്പോർട്ടുകൾ അവതരിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-17 പദ്ധതി രൂപീകരണം

പദ്ധതി രൂപീകരണത്തിൽ പ്രധാന പങ്ക് വഹിക്കുന്ന ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും നിക്ഷിപ്തമാക്കപ്പെട്ട ചുമതലകൾ നിർവ്വഹിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പുലർത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെയുള്ള ഉപഖണ്ഡികകളിൽ ചേർക്കുന്നു.

## 1-17-1 ആസൂത്രണ സമിതി സജീവമായില്ല

പദ്ധതി മാർഗരേഖ [സ.ഉ.(കൈ)നമ്പർ 11/2018 തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 3.11 പ്രകാരം പഞ്ച വത്സര പദ്ധതിയിൽ ആദ്യവർഷം രൂപീകരിച്ചതും നിലവിലുള്ളതുമായ ആസൂത്രണ സമിതി ആവശ്യമെങ്കിൽ പുനഃ സംഘടിപ്പിക്കേണ്ടതാണെന്നുണ്ട്. ആസൂത്രണ നിർവ്വഹണ പ്രക്രിയയിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നിവ ഏകോപിപ്പിക്കുന്നതിനും ഭരണസമിതിയെ സഹായിക്കുകയെന്ന പ്രധാന ചുമതല ആസൂത്രണസമിതിയിൽ നിക്ഷിപ്തമാണ്.

ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള ആസൂത്രണ സമിതി 04.10.2018ന് ശേഷം യോഗം ചേർന്നില്ല. ആകെ 7 പേർ പങ്കെടുത്ത പ്രസ്തുത യോഗം 2019-20 വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായാണ് ചേർന്നത്. നൂതന പദ്ധതികളുണ്ടാകണമെന്നും കൃഷി, ആരോഗ്യം, ശുചിത്വം, കുടിവെള്ളം, മാലിന്യ സംസ്കരണം എന്നിവയ്ക്ക് പ്രാധാന്യം നൽകുന്നതായിരിക്കണമെന്നും യോഗത്തിൽ നിർദ്ദേശമുണ്ടായിട്ടുണ്ട്. എന്നാൽ, നൂതന പദ്ധതികളെക്കുറിച്ച് ക്രിയാത്മകമായ നിർദ്ദേശങ്ങളുണ്ടായിട്ടില്ല.

2019-20 വർഷത്തെ പദ്ധതി രൂപീകരണത്തിന് മുൻപായി ആസൂത്രണസമിതി പുനഃ സംഘടിപ്പിച്ചില്ല.

## 1-17-2 വർക്കിംഗ് ഗ്രൂപ്പ്

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനവും വിഭിന്നമല്ല. അനിവാര്യമായ യോഗംചേരലിൽ മാത്രമായി പരിമിതപ്പെടുന്നു. ദാരിദ്ര്യ ലഘൂകരണം, ചെറുകിട വ്യവസായം വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നതായി തീയതി മാത്രം രേഖപ്പെടുത്തി നിർദ്ദേശങ്ങൾ ഉൾപ്പെടുത്താതെ പേജുകൾ ഒഴിച്ചിട്ടിരിക്കുന്നു (ദാരിദ്ര്യ ലഘൂകരണം - 08.02.2018, 22.11.2018 , ചെറുകിട വ്യവസായം - 03.03.2018, 06.03.2018). മത്സ്യബന്ധനമേഖലയ്ക്ക് പ്രാധാന്യമുള്ള ഗ്രാമപഞ്ചായത്തിലെ മത്സ്യബന്ധന വർക്കിംഗ് ഗ്രൂപ്പ് 06.10.2018ൽ യോഗം ചേർന്ന് പദ്ധതി രൂപീകരണ നിർദ്ദേശങ്ങൾ വച്ചതിനുശേഷം 26.12.2019ലാണ് യോഗം ചേർന്നത്.

എ) പട്ടികജാതി വികസനം വർക്കിംഗ് ഗ്രൂപ്പിന്റെ 22.11.2018ലെ യോഗത്തിൽ മങ്ങാട്ട് കോളനിയിൽ തരിശായി കിടക്കുന്ന 19സെന്റ് വസ്തുവിൽ വൃദ്ധസദനം നിർമ്മിക്കണമെന്ന നിർദ്ദേശം ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ചർച്ച ചെയ്ത് പ്രോജക്ട് നിർദ്ദേശമായി മാറിയില്ല.

ബി) പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ 01.12.2018ലെ യോഗത്തിൽ പഞ്ചായത്തിന്റെ പൊതുകെട്ടിടങ്ങളിൽ ഒന്നിലെങ്കിലും 19-20 വർഷം തന്നെ സോളാർ പാനൽ സ്ഥാപിക്കണമെന്ന് നിർദ്ദേശമുണ്ടായിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ചർച്ച ചെയ്ത് പ്രോജക്ട് നിർദ്ദേശമായി മാറിയില്ല.

ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പ് എന്നിവയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ ന്യൂനതകൾ ഭരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ട് വന്ന് പരിഹരിക്കുന്നതിനുള്ള ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 25/17.03.2021ന്റെ മറുപടി).

## 1-18 വാങ്ങൽ പ്രക്രിയയിൽ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പാലിക്കുന്നില്ല

സ.ഉ.(പി) നം. 259/2010/തസ്വഭവ തീയതി 08.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പാലിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്ന ഉപഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-18-1 സമാഹരണ പദ്ധതി തയ്യാറാക്കിയില്ല

വാങ്ങേണ്ടിവരുന്ന സാധനങ്ങളുടെ മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തുകയും ബാധകമായ നടപടിക്രമമനുസരിച്ച് സമാഹരണ നടപടി ആരംഭിക്കുകയും ചെയ്യേണ്ടതുണ്ട്. ചെലവുകൾക്കായി ബജറ്റിൽ മതിയായ തുക വകയിരുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതുമുണ്ട്. ഇപ്രകാരമുള്ള ഒരു സമാഹരണ പദ്ധതി ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കിയിട്ടില്ല.

## 1-18-2 പ്രൊക്യൂർമെന്റ് കമ്മിറ്റി

ഗ്രാമപഞ്ചായത്തിലെ പ്രൊക്യൂർമെന്റ് കമ്മിറ്റി 2019-20 വർഷത്തേക്കുള്ള വാങ്ങലുകൾക്കായി രണ്ട് ദിവസം യോഗം കൂടിയിട്ടുണ്ട്. വയോജനങ്ങൾക്ക് കട്ടിൽ വാങ്ങുന്നതിനായി 25.09.2019 നം തെരുവ് വിളക്ക് പരിപാലനത്തിനുള്ള സാധനങ്ങൾക്കായി 01.11.2019നം ചേർന്ന യോഗങ്ങൾ. 2019-20 വർഷം ഗ്രാമപഞ്ചായത്തിൽ വാങ്ങൽ പ്രക്രിയ നടന്ന 13 പ്രോജക്ടുകളിൽ രണ്ടെണ്ണം മാത്രമാണ് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ പരിഗണനയിൽ വന്നത്. മത്സ്യതൊഴിലാളികൾക്കുള്ള കട്ടമരം വാങ്ങൽ, വെറ്റിനറി ഡിസ്പെൻസറിയിലേക്ക് റഫ്രിജറേറ്റർ വാങ്ങൽ, ആയുർവേദാശുപത്രിക്ക് ഫർണിച്ചർ വാങ്ങൽ എന്നിവ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ പരിഗണനയിൽ വരാത്തവയ്ക്ക് ഉദാഹരണങ്ങളാണ്.

വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റെയും അന്തിമമാക്കുന്നതിന്റെയും പ്രധാന ചുമതലയുള്ള പ്രൊക്യൂർമെന്റ് ടീം രൂപീകരിച്ചില്ല.

വരും വർഷങ്ങളിൽ മാർഗരേഖ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്(ഓഡിറ്റ് എൻക്വയറി നമ്പർ 09/10.03.2021). വാങ്ങൽ പ്രക്രിയയിൽ പ്രൊക്യൂർമെന്റ്

മാർഗ്ഗരേഖ പാലിക്കുന്നതിൽ കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്. പ്രസ്തുത വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു,

## 1-19 ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയില്ല

പദ്ധതി മാർഗരേഖ [ സ.ഉ(കൈ)നം. 11/തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 6.7 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ പ്രോജക്ടുകൾ അംഗീകരിച്ച് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല. വരും വർഷങ്ങളിൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കി അത് പ്രകാരമുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്(ഓഡിറ്റ് എൻക്വയറി നമ്പർ 15/12.03.2021ന്റെ മറുപടി). ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ആസ്തികളുടെ സംരക്ഷണത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിലേക്കായി മേൽ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-20 പൊതു ടാപ്പുകളുടെ വെള്ളക്കരം - വെള്ളക്കരം പുതുക്കി നിശ്ചയിക്കേണ്ടതാണ്.

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പൊതു ടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ(പ്രോജക്ട് നം 90/20) എന്ന പ്രോജക്ടിൽ പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 2019-20 വർഷം 17,32,953/-രൂപ അടച്ചിട്ടുണ്ട്. ആകെ 339 ടാപ്പുകൾക്ക് ഒരു വർഷത്തേയ്ക്ക് 5,250/-രൂപ നിരക്കിൽ 17,79,756/-രൂപ അടയ്ക്കേണ്ടതാണെങ്കിലും സോഴ്സ് ഡിഡക്ഷൻ ആയി അധികമായി ഈടാക്കിയ 46,803/-രൂപ കുറവ് ചെയ്ത് 17,32,953/-രൂപ തൻവർഷം അടച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ പൊതു ടാപ്പിന്റെ എണ്ണം സംബന്ധിച്ച വിവരമോ വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ടാപ്പിന്റെ എണ്ണം തിട്ടപ്പെടുത്തിയ വിവരമോ സൂക്ഷിച്ചിട്ടില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 6/10.03.2021) സംയുക്ത പരിശോധന നടത്താൻ വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയിട്ടുണ്ട് എന്ന മറുപടി ലഭ്യമാക്കി. സ.ഉ.(ആർ.ടി)/2242/2011/ത.സ്വ.ഭ.വ. തീയതി 28.09.2011 പ്രകാരം പൊതു ടാപ്പുകളുടെ വെള്ളക്കരം സംയുക്ത പരിശോധനയിലൂടെ നിർണ്ണയിക്കാൻ നിർദ്ദേശിക്കുന്നുണ്ട്.

പഞ്ചായത്തിൽ നിലവിലുള്ള പൊതു ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തി വെള്ളക്കരം ഒടുക്കു വരുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-21 ഹരിതഭവനം പ്രോജക്ട്- നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | S0015/20 |
| അടങ്കൽ | |
| ജില്ല പഞ്ചായത്ത് വിഹിതം | 112000 |
| ഗുണഭോക്തൃവിഹിതം (സ്ഥാപനത്തിൽ അടയ്ക്കുന്നത്) | 23040 |
| ഗുണഭോക്തൃവിഹിതം<br>(നേരിട്ട് ചെലവഴിക്കുന്നത്) | 116800 |
| ആകെ | 363840 |
| നിർവ്വഹണം | കൃഷി ഓഫീസർ |

കുറഞ്ഞത് 15സെന്റ് ഭൂമിയുള്ള കർഷകർക്ക് ഭൂഗർഭ ജലസംരക്ഷണം, മാലിന്യ നിർമ്മാർജനം, കൃഷി-മൃഗസംരക്ഷണം എന്നീ മേഖലകളിൽ സ്വയംപര്യാപ്തമാകാനുതകുന്ന സമഗ്രപദ്ധതിയിൽ കിണർ റീചാർജ്, കമ്പോസ്റ്റ് കുഴി, കോഴിക്കൂട് എന്നിവയ്ക്കായി സബ്സിഡിയും കോഴിക്കുഞ്ഞുങ്ങൾ, സംപുഷ്ടീകരിച്ച ചാണകം, ഗ്രോബാഗ്, പച്ചക്കറിതൈ, നടീൽ വസ്തുക്കൾ എന്നിവയും നൽകുന്നതിന് ലക്ഷ്യമിട്ടിരുന്നു.

ആകെ 16 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയ പ്രസ്തുത പ്രോജക്ടിന്റെ നിർവ്വഹണത്തിൽ ചുവടെ ചേർക്കുന്ന അപാകതകൾ കണ്ടെത്തി.

## 1-21-1 ബെനിഫിഷ്യറി എൻറോൾമെന്റ് ഫോം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

സബ്സിഡി മാർഗരേഖ [സ.ഉ(കൈ)നം. 22/2018/തസ്വഭവ തീയതി 14.02.2018 ] പ്രകാരം വീട്ടുവളപ്പിൽ പരിസ്ഥിതി സൌഹൃദമായി ചെയ്യാൻകഴിയുന്ന കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, ജലവിഭവ സംരക്ഷണം, മാലിന്യ സംസ്കരണം, ഊർജസംരക്ഷണം, ഭക്ഷ്യസുരക്ഷ എന്നിവയുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ ഒരു പട്ടിക ഗുണഭോക്താവിന് നൽകി അടുത്ത നാല് വർഷങ്ങളിലായി ഗുണഭോക്താവിന് നടപ്പാക്കാൻ കഴിയുന്ന പ്രവർത്തനങ്ങൾ രേഖപ്പെടുത്തി വാങ്ങേണ്ടതുണ്ട്. ഗുണഭോക്താക്കൾക്ക് ബോധവൽക്കരണ ക്ലാസുകളും പരിശീലനവും നൽകി ഏകീകൃത രീതി രൂപപ്പെടുത്തണമെന്നുണ്ട്. എന്നാൽ ഇപ്രകാരമുള്ള പ്രവർത്തനം നടന്നിട്ടില്ല. ഭാവിയിൽ ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ രേഖപ്പെടുത്തുമെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 19/19.03.2021ന്റെ മറുപടി). പ്രോജക്ട് നിർവ്വഹണത്തിൽ ഏകീകൃത രീതി രൂപപ്പെടുന്നതിലേക്കായുള്ള പ്രവർത്തനങ്ങൾ നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-21-2 സ്വന്തമായി ഭൂമിയില്ലാത്തവർക്ക് ആനുകൂല്യം

ആനുകൂല്യം കൈപ്പറ്റിയ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് സ്വന്തമായി വസ്തുവില്ല.

I)വിനോദ് കുമാർ.റ്റി.കെ, പുത്തൻവിള, വെൺകുളം

Ii)അനിത, അമൃതാലയം, പാറയിൽ, ഇടവ

Iii)ഷീജ.കെ.വി, കവിതാലയം, വെൺകുളം

പ്രസ്തുത ഗുണഭോക്താക്കളിൽ നിന്നും റേഷൻകാർഡിന്റെ പകർപ്പ് സ്വീകരിച്ചുകൊണ്ടാണ് ആനുകൂല്യം നൽകിയതെന്നും കുടുംബത്തിലെ അംഗങ്ങൾക്ക് സ്വന്തമായി ഭൂമിയുണ്ടെന്നുമാണ് വിശദീകരണം. കിണർ റീചാർജ്, കമ്പോസ്റ്റ് കുഴി, കോഴിക്കൂട് മുതലായ ആനുകൂല്യങ്ങൾ നൽകുന്ന സമഗ്രമായ പദ്ധതിയുടെ ഗുണഭോക്താക്കളായി സ്വന്തമായി ഭൂമിയില്ലാത്തവർ ആനുകൂല്യം കൈപ്പറ്റുന്നത് ഒഴിവാക്കപ്പെടേണ്ടതാണ്. നിർവ്വഹണ ഉദ്യോഗസ്ഥയും ഭരണസമിതിയും ഇക്കാര്യത്തിൽ ശ്രദ്ധ പുലർത്തേണ്ടതുണ്ട്.

## 1-22 ഷോർട്ട് എക്സ്പയറി മരുന്ന് വാങ്ങി സ്റ്റോക്കിലെടുത്തു

| | |
|---|---|
| പ്രോജക്ട് നമ്പർ | 21/2020 |
| പ്രോജക്ടിന്റെ പേര് | മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ തുക | 2,00,000/- |
| ചെലവ് തുക | 2,00,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| ബിൽ നമ്പർ | PP - 05/19-20, 22.10.2019 |

ആറ്റിങ്ങൽ ഡ്രഗ് ഹൗസിൽ നിന്നും ഇൻവോയ്സ് നമ്പർ 2064 തീയതി 22.10.2019 പ്രകാരം 71,093/- രൂപയ്ക്ക് മരുന്ന് വാങ്ങിയതിൽ L-10 ബാച്ചിലുള്ള NANOFEST VET TAPAREX (ക്രമനമ്പർ 11), 600 എണ്ണം (വില 4740.02) നവംബർ 2019 ൽ കാലഹരണപ്പെട്ടതാണ്. പ്രസ്തുത മരുന്ന് 22.10.2019ൽ സ്റ്റോക്കിലെടുത്തു(സ്റ്റോക്ക് രജിസ്റ്റർ പേജ് 43) 15.11.2020 വരെ വിതരണം ചെയ്തിട്ടുണ്ട്. 165 എണ്ണം ഇനിയും വിതരണം ചെയ്യുവാൻ ഉണ്ടെന്ന് സ്റ്റോക്ക് ബുക്ക് വാല്യം രണ്ടിന്റെ പതിമൂന്നാം പേജിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത മരുന്ന് ഒക്ടോബറിൽ വിതരണം ചെയ്ത് നവംബറിൽ എക്സ്പയറി ആകുന്നതാണെന്ന് ശ്രദ്ധയിൽപ്പെട്ടപ്പോൾ ഈ തുകയ്ക്ക് തുല്യമായി പകരം മറ്റൊരു കമ്പനിയുടെ മരുന്ന് മാറ്റി നൽകുകയാണുണ്ടായതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ വിശദീകരിച്ചിട്ടുണ്ട്(ഓഡിറ്റ് അന്വേഷണം നമ്പർ 27/17.03.2020ന്റെ മറുപടി). എന്നാൽ പകരം നൽകിയ മരുന്ന് സ്റ്റോക്കിലെടുത്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. വിതരണവേളയിൽ കാലഹരണപ്പെടാൻ സാദ്ധ്യതയുള്ള മരുന്നുകൾ വാങ്ങിയതും ന്യായീകരിക്കത്തക്കതല്ല. പുതിയ മരുന്ന് സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-23 കട്ടമരം വാങ്ങൽ – ഗുണഭോക്തൃ ലിസ്റ്റിലെ മുൻഗണന ക്രമം മറികടന്ന് ആനുകൂല്യ വിതരണം

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഫൈബർ റീ ഇൻഫോഴ്സ്ഡ് (എഫ്.ആർ.പി) കട്ടമരം / ചെറിയ തടിവള്ളം |
| പ്രോജക്ട് നമ്പർ | S0043/20 |
| അടങ്കൽ | |
| വികസനഫണ്ട് | 270000 |
| ഗുണഭോക്തൃ വിഹിതം(സ്ഥാപനത്തിൽ അടയ്ക്കുന്നത്) | 90000 |
| ആകെ | 360000 |
| ചെലവ് വിശദാംശം | |
| വികസനഫണ്ട് | ബിൽ നമ്പർ 01/07.03.20 തുക 50400<br>ബിൽ നമ്പർ 02/07.03.20 തുക 50400 |
| ഗുണഭോക്തൃ വിഹിതം | 75600 |

മത്സ്യതൊഴിലാളികളായ 9 പേർക്ക് ഫൈബർ കട്ടമരം വാങ്ങിനൽകുന്നതിന് വിഭാവനം ചെയ്ത പ്രോജക്ട്.

ലഭ്യമാക്കിയ വിതരണ രജിസ്റ്ററിന്റെ പരിശോധനയിൽ, സെക്രട്ടറി അംഗീകരിച്ചുനൽകിയ ഗുണഭോക്തൃ ലിസ്റ്റിലെ 3-ാം ക്രമനമ്പരായ ഷെഫീഖ്.എസ്, തെക്കേക്കുന്നം, ഇടവ എന്ന ഗുണഭോക്താവിനെ മറികടന്ന് 4, 5, 6, 7 ക്രമനമ്പറുകാർക്കും 8-ാമത്തെയാളായ ഹാഷിം, കുട്ടിയൻവിളാകം, പ്രസ് മുക്ക് എന്നയാളെ മറികടന്ന് 9, 10, 11 ക്രമനമ്പരിലുള്ളവർക്കും ആനുകൂല്യം നൽകിയതായി വ്യക്തമാകുന്നു.

ക്രമ നമ്പർ 3,8 എന്നിവയിലെ ഗുണഭോക്താക്കൾ സാമ്പത്തിക ബുദ്ധിമുട്ടിനാൽ ഗുണഭോക്തൃ വിഹിതം അടയ്ക്കുവാൻ സാധിക്കുകയില്ലെന്നും ആനുകൂല്യം ആവശ്യമില്ലെന്നും അറിയിച്ചതിനാലാണ് ലിസ്റ്റിൽ താഴെയുള്ളവർക്ക് ആനുകൂല്യം നൽകിയതെന്നാണ് പദ്ധതി മാർഗരേഖ [ സ.ഉ.(കൈ)നമ്പർ 11/2018 തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 11.3ന് വിരുദ്ധമായ പ്രസ്തുത നടപടി സംബന്ധിച്ച വിശദീകരണം(എൻക്വയറി നമ്പർ 08 / 09.03.2021ന്റെ മറുപടി). എന്നാൽ, ഇപ്രകാരമുള്ള സമ്മതപത്രമൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ഗുണഭോക്തൃ ലിസ്റ്റിലെ മുൻഗണനക്രമം മാറ്റി ആനുകൂല്യം നൽകുന്ന സാഹചര്യമുണ്ടാകുമ്പോൾ ഒഴിവാക്കപ്പെടുന്നവരുടെ സമ്മതപത്രം വാങ്ങി സൂക്ഷിക്കേണ്ടതാണ്.

## 1-24 ഓവർഹെഡ് ചാർജ് ഇനത്തിൽ അധികച്ചെലവ്

ഗ്രാമപഞ്ചായത്തിൽ റോഡ് പ്രവൃത്തികൾ നിർവ്വഹിക്കുന്നത് മോർഡ് സ്പെസിഫിക്കേഷനിലാണ്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് PRICE LSGD എന്ന സോഫ്റ്റ് വെയർ മുഖേനയാണ് . മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഇനങ്ങളുടെ ഡാറ്റാ പരിശോധിച്ചതിൽ എല്ലാ ഇനങ്ങൾക്കും നിരക്കുകൾ കണക്കാക്കിയത് 10% ഓവർഹെഡ്സ്ചാർജ്ജും 10% കോൺട്രാക്ടറുടെ ലാഭവും ഉൾപ്പെടുത്തിയാണെന്ന് വ്യക്തമായിട്ടുണ്ട്. മോർഡ് സ്പെസിഫിക്കേഷനെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ സ്റ്റാന്റേർഡ് ഡാറ്റാ ബുക്ക് പ്രകാരമുള്ള ഡാറ്റായെ അടിസ്ഥാനപ്പെടുത്തിയാണ് PRICE LSGD യിൽ മോർഡ് പ്രകാരമുള്ള ഇനങ്ങളുടെ നിരക്ക് കണക്കാക്കിയത്. മോർഡ് പ്രകാരമുള്ള സ്റ്റാന്റാർഡ് ഡാറ്റാ ബുക്കിൽ വിവിധ ഇനങ്ങളുടെ നിരക്കുകളിൽ 10% ഓവർഹെഡ്സ്ചാർജ്ജ് ഉൾപ്പെടുത്തിയതിന്റെ സാഹചര്യം ആദ്യ ഭാഗത്ത് തന്നെ വ്യക്തമാക്കുന്നുണ്ട്. സ്റ്റാന്റേർഡ് ഡാറ്റാ ബുക്ക് തയ്യാറാക്കുന്നതിന് അടിസ്ഥാനമാക്കിയ അടിസ്ഥാന സമീപനവും പൊതു മാനദണ്ഡങ്ങളും വ്യക്തമാക്കുന്ന (ബേസിക് അപ്രോച്ച്&ജനറൽ കണ്ടീഷൻസ് ആന്റ് അസംപ്ഷൻസ് ഫോർ ദ പ്രിപ്പറേഷൻ ഓഫ് സ്റ്റാന്റേർഡ് ഡാറ്റാ ബുക്ക് ) ആമുഖത്തിൽ ഖണ്ഡിക 4ലാണ് ഇക്കാര്യം വ്യക്തമാക്കുന്നത്. റോഡ് പ്രവൃത്തികൾക്ക് 10% വും പാലം പണികൾക്ക് 20%വും ഓവർഹെഡ്സ്ചാർജ്ജ് കണക്കാക്കിയത് 17ഇനങ്ങളിലായി കരാറുകാരന് വരാനിടയുള്ള ചെലവുകൾ പരിഗണിച്ചു കൊണ്ടാണെന്ന് ഖണ്ഡിക 4ൽ പരാമർശിക്കുന്നു. ഇവയിൽ പ്രധാനപ്പെട്ടതും സ്ഥാപനത്തിന്റെ റോഡ് പ്രവൃത്തികൾ പരിഗണിക്കുമ്പോൾ അപ്രസക്തവുമായ ചില ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

I)പ്ലാന്റുകൾ, ആക്സസ് റോഡുകൾ, ജലവിതരണം, ഇലക്ട്രിസിറ്റി, സൈറ്റിലെ താമസം എന്നിവയ്ക്കുള്ള ചെലവ്

Ii)സൈറ്റ് ഓഫീസ് സ്ഥാപിക്കുന്നതിനുള്ള ചെലവ്

Iii) ലേബർ നിയമപ്രകാരമുള്ള ചുരുങ്ങിയ തോതിലുള്ള ലേബർ ക്യാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവ്

Iv)മേൽനോട്ടത്തിനുള്ള ചെറിയ വാഹനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ചെലവ്

V) മോർഡ് സ്പസിഫിക്കേഷൻ പ്രകാരമുള്ള ഗുണനിലവാര പരിശോധന നടത്തുന്നതിനും ഇതിന് ലാബ് ഒരുക്കുന്നതിനുമുള്ള ചെലവ്

Vi)വാച്ച് &വാർഡ് ഏർപ്പെടുത്തുന്നതിനുള്ള ചെലവ്

Vii) നിർമ്മാണ സമയത്ത് പരിസ്ഥിതി സംരക്ഷിക്കുന്നതിനുള്ള ചെലവ്

അവശേഷിക്കുന്ന ഇനങ്ങളുടെ കാര്യത്തിലും മിക്കതിലും ഭാഗിക ചെലവോ ചെലവുതന്നെ ഇല്ലാത്തതായോ കാണാം. 17-ാം ഇനമായി സൂചിപ്പിച്ച സെയിൽസ്/ടേൺ ഓവർ ടാക്സ് ഇനത്തിൽ വരുന്ന ചെലവാണ് ചെറിയ പ്രവൃത്തികളുമായി ബന്ധപ്പെട്ട് നോക്കുമ്പോൾ കരാറുകാരന് വരുന്ന യഥാർത്ഥ ചെലവ് .

പൊതുമരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് PRICE സോഫ്റ്റ് വെയർ മുഖേനയാണെന്നും പ്രത്യേകം ഡാറ്റ തയ്യാറാക്കേണ്ട ആവശ്യമില്ലെന്നുമാണ് വിശദീകരണം ( ഓഡിറ്റ് എൻക്വയറി നമ്പർ 20/15.03.2021ന്റെ മറുപടി).

ഒരു റോഡിന്റെ പൂർണമായ നിർമ്മാണമോ അറ്റകുറ്റപ്പണിയോ അടങ്ങുന്ന വലിയ പ്രൊജക്ടുകളുടെ കാര്യത്തിലാണ് ഡാറ്റാ ബുക്കിൽ പ്രതിപാദിച്ചിരിക്കുന്ന തരത്തിലുള്ള സംവിധാനങ്ങൾ ഒരുക്കേണ്ട സാഹചര്യവും ഇതുവഴിയുള്ള ചെലവുകളും കരാറുകാരന് വരാനുള്ള സാധ്യത. എന്നാൽ ഗ്രാമപഞ്ചായത്തുകളുടെ സവിശേഷ സാഹചര്യത്തിൽ റോഡുകൾ വളരെ ചെറുതാണെന്നും ഇത്തരം റോഡുകൾ തന്നെ ഭാഗികമായി ചെയ്യുന്നതിനാൽ കുറഞ്ഞ പ്രൊജക്ട് കോസ്റ്റ് മാത്രമാണ് വരുന്നതെന്നും മേല്പറഞ്ഞ ചെലവുകൾ കരാറുകാരന് വരാനുള്ള സാധ്യത ഇല്ലാതാക്കുന്നു. ഇത്തരം ചെലവുകൾ വരാതെയും അതുവഴി ഇതിന്റെ ഗുണഫലം സ്ഥാപനത്തിന് ലഭിക്കാതേയും ഇവയ്ക്കുള്ള പരിഹാരതുക പൂർണ്ണതോതിൽ കരാറുകാരന് നല്കുന്നത് അനർഹമായ തുക നല്കലാണ്. PRICE LSGD എന്ന സോഫ്റ്റ് വെയർ മുഖേന തന്നെ തയ്യാറാക്കുന്ന MORTH സ്പെസിഫിക്കേഷനിലുള്ള റോഡ് നിർമ്മിതികൾക്ക് 5% മാത്രമാണ് ഓവർ ഹെഡ്സ് ചാർജ്ജ് എന്നതും ഇവിടെ ശ്രദ്ധേയമാണ്. മേൽ സാഹചര്യത്തിൽ വസ്തുതകൾ പരിശോധിക്കാതെ കരാറുകാർക്ക് അധിക തുക നല്കുന്നത് പഞ്ചായത്തുഫണ്ടിന്റെ ദുർവിനിയോഗമാണ്.

## 1-25 കരാർ ചമച്ചതിലെ കാലതാമസത്തിന് പിഴ ഈടാക്കിയില്ല

PWDമാന്വൽ ഖണ്ഡിക 2009-6 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ വയ്ക്കാത്തപക്ഷം അതുകഴിഞ്ഞ് 10ദിവസത്തിനകം കരാർ തുകയുടെ 1% - കുറഞ്ഞത് 1000 രൂപ - പിഴ ഈടാക്കി കരാർ വയ്ക്കാമെന്നുണ്ട്. എന്നാൽ ചുവടെ ചേർക്കുന്ന പ്രവൃത്തികളിൽ കരാർ വയ്ക്കുന്നതിലെ കാലതാമസത്തിന് പിഴ ഈടാക്കിയില്ല.

എ)<u>പഞ്ചായത്ത് ഓഫീസ് കോമ്പൌണ്ടിൽ ഇന്റർലോക്ക് ഇടീൽ</u>

| | |
|---|---|
| പ്രോജക്ട് നമ്പർ | SO144/20 |
| അടങ്കൽ തുക | 60000(തനത് ഫണ്ട്) |
| കരാറുകാരൻ | സനിൽ.ആർ (0.1% Below) |
| ചെലവ് തുക | 59908 |
| ചെക്ക് നമ്പർ | 5866141/06.11.2019 |

മേൽ പ്രവൃത്തിയുടെ സെലക്ഷൻ നോട്ടീസ് (നമ്പർ 17/26.08.2019) പ്രകാരം 19.09.2019നകം കരാർ വയ്ക്കണമായിരുന്നു. കരാർ വച്ചത് 26.09.2019നാണ്. കുറഞ്ഞ പിഴതുകയായ 1000 രൂപ ഈടാക്കിയില്ല.

ബി)<u>വെൺകുളം ഗവ. എൽ.പി.സ്കൂൾ ഓഡിറ്റോറിയം ഹാൾ സീലിംഗും ഫ്ലോറിംഗും</u>

| | |
|---|---|
| പ്രോജക്ട് നമ്പർ | SO125/20 |
| അടങ്കൽ തുക | ധനകാര്യകമ്മീഷൻ അവാർഡ് - 419975<br>തനത് ഫണ്ട് - 50000 |

| | |
|---|---|
| കരാറുകാരൻ | അശോകൻ (0.5% Below) |
| ചെലവ് തുക | 467306 |
| ചെക്ക് നമ്പർ | ലഭ്യമല്ല |
| ബിൽ നമ്പർ | 9/26.07.2019 |

സെലക്ഷൻ നോട്ടീസ് തീയതി 10.01.2019. കരാർവച്ചത് 07.02.2019ലാണ്. കരാർ തുകയുടെ (467625) 1% പിഴതുകയായ 4676 രൂപ ഈടാക്കിയില്ല.

പ്രസ്തുത വിഷയത്തിന് വിശദീകരണം ആവശ്യപ്പെട്ടതിനെ തുടർന്ന് (എൻക്വയറി നമ്പർ 21/15.03.2021) കരാറുകാരിൽനിന്ന് പിഴ തുകയായി 1000രൂപയും 4676രൂപയും യഥാക്രമം രസീത് നമ്പർ 120060104933/17.03.2021, 120060104936/19.03.2021 എന്നിവ പ്രകാരം ഈടാക്കിയിട്ടുണ്ട്.

കരാർ ചമയ്ക്കുമ്പോൾ PWDമാന്വലിലെ നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-26 ലൈഫ് ഭവന പദ്ധതി - അപാകതകൾ

1)

| | |
|---|---|
| പ്രോജക്ട് നമ്പർ | S0029/20 |
| പ്രോജക്ടിന്റെ പേര് | ഭൂമിയുള്ള ഭവനരഹിതർക്ക് വീട്<br>(ലൈഫ് ജനറൽ) |
| അടങ്കൽ തുക | 2,60,00,000 |
| ചെലവ് തുക | 1,30,02,324 |

2)

| | |
|---|---|
| പ്രോജക്ട് നമ്പർ | S0108/20 |
| പ്രോജക്ടിന്റെ പേര് | ഭൂമിയുള്ള ഭവനരഹിതർക്ക് വീട്<br>(ലൈഫ് ജനറൽ) സ്പിൽ ഓവർ |
| അടങ്കൽ തുക | 87,41,000 |
| ചെലവ് തുക | 87,41,000 |

വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ സൂചിപ്പിച്ച ലൈഫ് ഭവന പദ്ധതിയിൽ അപാകതകൾ ചുവടെ ചേർക്കുന്നു.

എ)ബിൽ മുഖേന മാറിയ തുക ഗഡുക്കളായി വിതരണം ചെയ്തതിൽ അക്വിറ്റൻസ് രേഖപ്പെടുത്തിയത് പ്രകാരമുള്ള തുകകളും കൈപ്പറ്റിയ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | ബിൽ പ്രകാരമുള്ള തുക | അക്വിറ്റൻസ് പ്രകാരം നൽകിയ തുക |
|---|---|---|

| | | |
|---|---|---|
| ശ്രീമതി ഷംല | 1,50,000 | 1,00,000 |
| ശ്രീമതി ഹലീമ ബീവി | 1,50,000 | 1,00,000 |

ബി)സ്പിൽ ഓവർ പ്രോജക്ടിന്റെയും തൻവർഷത്തെ പ്രോജക്ടിന്റെയും തുകകൾ നൽകിയിരിക്കുന്നു. അപ്രകാരം നൽകിയതിന് പ്രത്യേക ഉത്തരവോ ഭരണസമിതി തീരുമാനമോ ഇല്ല.

സി)ഒരോ ഗുണഭോക്താക്കൾക്കും തുക അവരുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത വിവരങ്ങൾ ഫയലിൽ ഉണ്ടെങ്കിലും അക്വിറ്റൻസിൽ തുക രേഖപ്പെടുത്തിയതിൽ പിശക് വന്നിട്ടുണ്ട്. തുക അതാത് അക്കൗണ്ടിൽ ക്രെഡിറ്റ് ആയി എന്നതിന്റെ വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (30/17.03.2021) ഒരേ പദ്ധതിയും ഒരേ ഗുണഭോക്താവും ആയതിനാലാണ് പ്രോജക്ട് വ്യത്യാസം നോക്കാതെ ഫണ്ട് വിതരണം ചെയ്തതെന്നും കൊറോണ പശ്ചാത്തലത്തിൽ ഗുണഭോക്താക്കളിൽ നിന്ന് പണം കൈപ്പറ്റിയ രേഖകൾ യഥാസമയം വാങ്ങാൻ കഴിയാത്തതിനാലാണ് അക്വിറ്റൻസിൽ രേഖപ്പെടുത്തിയതിൽ പിശക് സംഭവിച്ചതെന്നും ഭാവിയിൽ മേൽ അപാകതകൾ ആവർത്തിക്കാതെ ശ്രദ്ധിക്കുന്നതാണെന്നും വി.ഇ.ഒ. മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ സ.ഉ.കൈ.11/2018/ത.സ്വ.ഭ.വ. തിരുവനന്തപുരം തീയതി 29/01/2018 ഖണ്ഡിക 3.4.1 (2) പ്രകാരമുള്ള നടപടികൾ പാലിക്കേണ്ടതും ഓരോ പ്രോജക്ടിനും അനുവദിച്ചിട്ടുള്ള അടങ്കൽ തുകയിൽ അധികരിക്കാതെ പദ്ധതിയിൽ വിഭാവനം ചെയ്ത ഗുണഭോക്താക്കൾക്ക് ആ പ്രോജക്ട് പ്രകാരമുള്ള ഫണ്ട് തന്നെ നൽകാൻ ശ്രദ്ധിക്കേണ്ടതും അടിയന്തിര സാഹചര്യങ്ങളിൽ പഞ്ചായത്ത് കമ്മിറ്റിയുമായി ആലോചിച്ച് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-27 2018-19 ഓഡിറ്റ് റിപ്പോർട്ട് തുടർ നടപടികൾ

സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2018-19 വർഷ ഓഡിറ്റ് റിപ്പോർട്ടിന്മേൽ(നമ്പർ കെ.എസ്.റ്റി.വി.എം.ജി.പി.7/362തീയതി 05.06.2019) നിയമാനുസൃത സമയപരിധിക്കുള്ളിൽ മറുപടി ലഭ്യമാക്കാത്തതിനാൽ കെ.എസ്.റ്റി.വി.എം.ജി.പി.7/362/2020 തീയതി 12.03.2021-ാം നമ്പരായി അനന്തര റിപ്പോർട്ട് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത അനന്തര റിപ്പോർട്ടിലെ ചുവടെ ചേർക്കുന്ന ഖണ്ഡികകളിന്മേൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം രേഖകൾ സഹിതം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(നമ്പർ 22/15.03.2021)നൽകുകയുണ്ടായി.

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | നടപടി സ്വീകരിക്കേണ്ട ഉദ്യോഗസ്ഥൻ |
|---|---|---|
| 1 | 1-13 | കൃഷി ഓഫീസർ |
| 2 | 1-14മുതൽ 1-36 വരെ | സെക്രട്ടറി |
| 3 | 1-38, 1-39 | സെക്രട്ടറി |
| 4 | 1-40 | വി.ഇ.ഒ. |
| 5 | 1-42 മുതൽ 1-46 വരെ | അസി.എഞ്ചിനീയർ |
| 6 | 1-48 | ഐ.സി.ഡി.എസ് സൂപ്പർവൈസർ/ സെക്രട്ടറി |
| 7 | 1-49 | വി.ഇ.ഒ. |
| 8 | 1-51 | അസി. സെക്രട്ടറി |
| 9 | 1-52 | വി.ഇ.ഒ. |
| 10 | 1-53, 1-54 | മെഡിക്കൽ ഓഫീസർ – പി.എച്ച്.സി |
| 11 | 3-1 | അസി.എഞ്ചിനീയർ |

ഖണ്ഡിക 1-50ലെ പരാമർശത്തിൽ സൂചിപ്പിച്ചിരുന്ന രേഖകൾ അസിസ്റ്റന്റ് സെക്രട്ടറി ലഭ്യമാക്കി. പട്ടികജാതി സങ്കേതങ്ങളിൽ എൽ.ഇ.ഡി ലൈറ്റ് സ്ഥാപിക്കൽ എന്ന പ്രോജക്ടിലെ മോണിറ്ററിംഗ് റിപ്പോർട്ട്, 128 എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിച്ചതായുള്ള വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഹാജരാക്കി.

ഖണ്ഡിക 1-40ൽ വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ PMAY പ്രോജക്ടുകളുമായി ബന്ധപ്പെട്ട് വിനിയോഗസാക്ഷ്യപത്രമെന്നപേരിൽ ലഭ്യമാക്കിയത് തുകകൾ ലഭിച്ചിട്ടുണ്ടെന്ന സർട്ടിഫിക്കറ്റാണ്. കോവിഡ് മഹാമാരിയെ തുടർന്ന് പുതിയ ഗുണഭോക്താക്കൾ കരാറിൽ ഏർപ്പെടാത്തതിനാൽ പൂർണമായും വിനിയോഗിക്കാൻ സാധിച്ചിട്ടില്ലായെന്നും പുതിയ ഗുണഭോക്താക്കൾ കരാറിൽ ഏർപ്പെടുന്ന മുറയ്ക്ക് തുക ചെലവാക്കുന്നതാണെന്നും രേഖപ്പെടുത്തിരിക്കുന്നു.

മറ്റ് ഖണ്ഡികകളിന്മേലുള്ള പരാമർശങ്ങളുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുൻബാക്കി | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ജില്ല പഞ്ചായത്ത് | 0 | 299250 | സ്നേഹസ്പർശം | 299250 | 0 |
| | 27683 | 0 | ഭൂമിയുള്ള ഭവനരഹിതർക്ക് വീട് (ലൈഫ്-എസ്.സി) | 27683 | 0 |
| | 249 | 0 | ഭൂമിയുള്ള ഭവനരഹിതർക്ക് വീട് (ലൈഫ്-ജനറൽ) | 249 | 0 |
| | 7673 | 0 | ഹരിതഭവനം | 0 | 7673 |
| | 11520 | 0 | കിണർ റീചാർജിംഗ് (133) | 7200 | 4320 |
| | 4000 | 0 | കിണർ റീചാർജിംഗ് | 0 | 4000 |

| | | | | | |
|---|---|---|---|---|---|
| | | | (134) | | |
| ആകെ | 51125 | 299250 | | 334382 | 15993 |
| ബ്ലോക്ക് പഞ്ചായത്ത് | 0 | 100000 | അങ്കണവാടി പോഷകാഹാരം | 100000 | 0 |
| | 0 | 136000 | സമഗ്ര നെൽകൃഷി | 136000 | 0 |
| | 0 | 299250 | സ്നേഹസ്പർശം | 299250 | 0 |
| | 0 | 50000 | ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 50000 | 0 |
| | 0 | 32239 * | ജൈവ സമൃദ്ധി തരിശ് പച്ചക്കറികൃഷി | 32239 | 0 |
| | 9802 | 0 | ഭൂമിയുള്ള ഭവനരഹിതർക്ക് വീട് (ലൈഫ്-എസ്.സി) | 9802 | 0 |
| | 0 | 150000 | ക്ഷീരസമൃദ്ധി- പാലിന് സബ്സിഡി | 150000 | 0 |
| | 0 | 200000 | പാലിയേറ്റീവ് കെയർ | 200000 | 0 |
| | 3075 | 0 | ഭൂമിയുള്ള ഭവനരഹിതർക്ക് വീട് (ലൈഫ്-ജനറൽ) | 3075 | 0 |
| | 194400 | 0 | കിണർ റീചാർജിംഗ് (133) | 0 | 194400 |
| | 40000 | 0 | കിണർ റീചാർജിംഗ് (134) | 0 | 40000 |
| | 0 | 54720 | കിണർ റീചാർജിംഗ് -ജനറൽ (65) | 0 | 54720 |
| | 0 | 928921 | ലൈഫ് ഭവനപദ്ധതി- ഭൂരഹിത ഭവനരഹിതർക്ക് ഭൂമി വാങ്ങൽ (ജനറൽ) | 0 | 928921 |
| | 0 | 586508 | ലൈഫ് ഭവനപദ്ധതി- ഭൂരഹിത ഭവനരഹിതർക്ക് ഭൂമി വാങ്ങൽ (പട്ടികജാതി വിഭാഗം) | 0 | 586508 |
| ആകെ | 247277 | 2537638 | | 980366 | 1804549 |

| | 18-19 B4 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 19-20 RP – 7, RP31പ്രകാരം വരവ് | ആകെ | സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് | നീക്കി യിരിപ്പ് | 19-20 B4 ഷെഡ്യൂൾ പ്രകാരം നീക്കിയി രിപ്പ് |
|---|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് വിഹിതം | 51125 | 299250 | 350375 | 334382 | 15993 | 15993 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 247280 | 2505399+ 32239 * | 2784918 | 980366 | 1804552 | 1772313 |

*ഓൺലൈനായി ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തത്

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| | | | | | | |
| ലൈഫ് ഭവന പദ്ധതി | ജി.ഒ.(എം.എസ്)68/18 തീയതി 15.05.2018 | 20020000 | 20020000 | 838235 | - | 19181765 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 76317341 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 69116681 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനുള്ള ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1583/18 തീയതി 31.08.2018 | 1 |
| 2001-02 | | 1 |
| 2002-03 | | 1 |
| 2003-04 | | 1 |
| 2005-06 | | 2 |
| 2006-07 | | 5 |
| 2007-08 | | 1 |
| 2008-09 | | 3 |
| 2009-10 | | 2 |
| 2010-11 | | 3 |
| 2011-12 | | - |
| 2012-13 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/2549/14 തീയതി 23.12.2014 | 11 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1097/15 തീയതി 19.10.2015 | 11 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1379/ 2016 തീയതി | 11 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1917/16 തീയതി 07.11.2016 | 14 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1685/2017 തീയതി 08.08.2017 | 21 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/187/2019 തീയതി 12.04.2019 | 24 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/362/2020 തീയതി 05.06.2020 | 21 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ ഇടവ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ ഇടവ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്